# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7-1335/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7-1335/2023 തീയ്യതി: 20/12/2023

## ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 30-10-2023 | 07-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-10-2023 | 07-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ സി സുധാകര കുറുപ്പ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ സനൽ ദത്ത് | സെക്രട്ടറി | 01-04-2022 | 15-05-2022 |
| ശ്രീ ബിനിൽ എസ് | സെക്രട്ടറി | 16-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അഞ്ജന എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ വികാസ് ആർ | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ ബിനിൽ ബി ചന്ദ്രൻ | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ശ്രീമതി സുജാത കെ ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 18-01-2023 |
| ശ്രീമതി ഷൈന സദാശിവൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-01-2023 | 31-03-2023 |
| ഡോ ആരതി സുശീലൻ | മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ പ്രീത എച്ച് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ സ്നേഹ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി എം ജെ ഉഷ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ കൃഷ്ണേന്ദ് ജി കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 06-09-2022 |
| ശ്രീ ജോർജ്ജ് തോമസ് | അസിസ്റ്റന്റ് എൻജിനീയർ | 07-09-2022 | 31-03-2023 |
| ശ്രീ രതീഷ് കുമാർ കെ | വി ഇ ഒ (പെരിങ്ങാല സർക്കിൾ) | 01-04-2022 | 24-07-2022 |
| ശ്രീമതി ഷൈലജ | വി ഇ ഒ (പെരിങ്ങാല സർക്കിൾ) | 25-07-2022 | 31-03-2023 |
| ശ്രീ മനോജ് കുമാർ എസ് | വി ഇ ഒ (ചെട്ടികുളങ്ങര സർക്കിൾ) | 01-04-2022 | 24-07-2022 |
| കുമാരി ശ്രുതി എം | വി ഇ ഒ (ചെട്ടികുളങ്ങര സർക്കിൾ) | 25-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ഹാഷിറ ബഷീർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ജനാർദ്ദനൻ നായർ എം | അസി.സെക്രട്ടറി | 01-04-2022 | 31-07-2022 |
| ഒഴിവ് | അസി.സെക്രട്ടറി | 01-08-2022 | 16-10-2022 |
| ശ്രീമതി ശ്രീദേവി ആർ | അസി.സെക്രട്ടറി | 17-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ലോൺ കണക്കുകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-1 |
| 3 | CFC Grant - വരവ്, ചെലവ് നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ അഡ്വാൻസ് തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി കുടിശ്ശിക - ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിൽ ഓപ്പണിംഗ് ബാലൻസ് കൃത്യമല്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | Contractors Retention – തുക കൃത്യമല്ല | 1-1-8 |
| 10 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-9 |
| 11 | പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-10 |
| 12 | Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല | 1-1-13 |
| 15 | LGTSB അക്കൗണ്ടിലെ ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | MGNREGS കണക്കിൽ കൃത്യതയില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമപദ്ധതികൾ | 1-7 |
| 23 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 25 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത | 1-10 |
| 26 | മേൽത്തരം തറവിസ്തൃതിക്കുള്ള അധിക നികുതി സോഫ്റ്റ് വെയറിന്റെ | 1-11 |

| | | |
|---|---|---|
| | സാങ്കേതിക പിഴവു കാരണം നഷ്ടമാകുന്നു | |
| 27 | ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല | 1-12 |
| 28 | ഡേഞ്ചറസ് ആൻഡ് ഒഫൻസീവ് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല | 1-13 |
| 29 | ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ടിൽ 7,84,083 രൂപയുടെ നീക്കിയിരുപ്പ് | 1-14 |
| 30 | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ നാളിതുവരെ തിരിച്ചടച്ചിട്ടില്ല | 1-15 |
| 31 | തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് | 1-16 |
| 32 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടില്ല | 1-17 |
| 33 | കയർ ഭൂവസ്ത്രം - വാങ്ങിയ അളവും വിനിയോഗിച്ച അളവും പൊരുത്തപ്പെടുന്നില്ല | 1-18 |
| 34 | നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ - ഭീമമായ പരിപാലന ചെലവ് | 1-19 |
| 35 | പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനുപയോഗിക്കാത്ത പണം വായ്പ തിരിച്ചടവിനത്തിൽ റ്റി.എസ്.പി ഫണ്ടിൽ നിന്ന് കുറവ് ചെയ്തു | 1-20 |
| 36 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-21 |
| 37 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി (പി.എം.സി) യഥാസമയം യോഗം ചേർന്നില്ല | 1-22 |
| 38 | അഗതി രഹിത കേരളം - വികസന ഫണ്ട് ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-23 |
| 39 | കാലിത്തീറ്റയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല | 1-24 |
| 40 | അൻപൊലിക്കളം കോലത്തിരേത്ത് റോഡ് റീ ടാറിംഗ്- ടെണ്ടർ എക്സസ് അനധികൃതമായി അനുവദിച്ചു | 1-25 |
| 41 | സൺഡെ സ്കൂൾ കാരിക്കളങ്ങര റോഡ് നവീകരണം, വാർഡ് 7,8 - പിഴ ഈടാക്കാതെ പൂർത്തീകരണ കാലയളവ് നീട്ടി നൽകി | 1-26 |
| 42 | അർഹമായ ധനസഹായം ലഭിച്ചില്ല -പഠന മുറി നിർമ്മാണം പാതിവഴിയിൽ | 1-27 |
| 43 | ഹോമിയോ ആശുപത്രിക്ക് മുൻകൂർ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല | 1-28 |
| 44 | എഫ്.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - വില മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-29 |
| 45 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ - അവലോകനം | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | അൻപൊലിക്കളം കോലത്തിരേത്ത് റോഡ് റീ ടാറിംഗ്- ടെണ്ടർ എക്സസ് അനർഹമായി അനുവദിച്ചു | 3-1 |
| 2 | സൺഡെ സ്കൂൾ കാരിക്കുളങ്ങര റോഡ് നവീകരണം, വാർഡ് 7,8 - പിഴ ഈടാക്കാതെ പൂർത്തീകരണ കാലയളവ് നീട്ടി നൽകി | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2023-ലെ 1(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.07.203 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ലോൺ കണക്കുകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

ലോൺ രജിസ്റ്റർ പ്രകാരം വർഷാന്ത്യ ബാലൻസ് 1,00,10,444/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക B-5 (Secured Loan) ഷെഡ്യൂളിൽ ഔട്ട് സ്റ്റാന്റിംഗ് ബാലൻസായി കാണിച്ചിട്ടുള്ള തുക 1,03,75,631/- രൂപയാണ്. Prepaid Program Expense ആയി B-16 ൽ രേഖപ്പെടുത്തിയിട്ടുള്ളത് 1,07,43,930/- രൂപയാണ്. B-5, B-16 ഷെഡ്യൂളുകളിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. തൻവർഷം സ്ഥാപനത്തിന് ലോൺ വരവില്ല. എന്നാൽ മുൻ വർഷത്തെ ഔട്ട് സ്റ്റാന്റിംഗ് ബാലൻസിനോടൊപ്പം തൻവർഷത്തെ തിരിച്ചടവ് (ജി.ഒ. പ്രോജക്ടുകൾ) കുറച്ച് ലഭിക്കുന്ന ബാലൻസ് തുക 94,75,631/- മാത്രമാണ്. ടി തുക മേൽ തുകകളുമായി പൊരുത്തമില്ല. ലോൺ കണക്ക് സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

### 1-1-2 CFC Grant - വരവ്, ചെലവ് നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

CFC Grant മുന്നിരുപ്പും വരവും ചേർന്ന തുകയിൽ നിന്നും ചെലവ് കുറച്ച തുകയിൽ B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ CFC Grant – (Tied & Un Tied - ബാങ്ക്) തുകകൾ യഥാർത്ഥ തുകയെ പ്രതിഫലിപ്പിക്കുന്നില്ല. CFC Grant – (Tied Bank) ഇനത്തിൽ രണ്ടാം ഗഡുവായി ലഭിച്ച 29,90,000/- (സ.ഉ.7532/2022/ധന/8.11.2022) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഈയിനങ്ങളിലെ ബാലൻസ് തുകകൾ ബാങ്ക് റീകൺസിലിയേഷൻ നടത്തി പൊരുത്തപ്പെടുത്തുകയോ ആവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല

കൂടാതെ B4 ഷെഡ്യൂളിൽ (ഹെഡ് കോഡ് 320200105) മുൻ വർഷങ്ങളിലും ഓഡിറ്റ് വർഷവും CFC Performance Grant ആയി 2,47,000/- രൂപ ബാലൻസ് നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ട്രഷറി അക്കൗണ്ടിൽ ഈയിനത്തിൽ വരുന്ന തുക സാമ്പത്തിക വർഷാന്ത്യം ലാപ്സ് ആകുമെന്നതിനാൽ ജേണൽ ചെയ്ത് ഷെഡ്യൂളിൽ നിന്ന് നീക്കം ചെയ്യാനാവശ്യമായ നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല.

### 1-1-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ അഡ്വാൻസ് തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

വിവിധ ഏജൻസികൾക്ക് (കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, പി.ഡബ്ലിയു.ഡി.) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയതും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമായ B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള അഡ്വാൻസ് തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. (KWA-2504421, KSEB-3025006, Ground Water Dept.-1800000, Other Advance – 639783/-). രജിസ്റ്ററിൽ മുൻ വർഷത്തെ ബാലൻസ് തുകകൾ ക്യാരിഓവർ ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-4 വസ്തുനികുതി കുടിശ്ശിക - ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

31.03.2023-ലെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശികയും വാർഷികകണക്ക് (ILGMS) പ്രകാരമുള്ള വസ്തുനികുതി കുടിശ്ശികയും (B-15) പൊരുത്തപ്പെടുന്നില്ല.

### 1-1-5 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ചിട്ടുള്ള വിവിധ ഗ്രാന്റ് തുകകളുടെ വിനിയോഗത്തെ സാധൂകരിക്കുന്ന രീതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-6 എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിൽ ഓപ്പണിംഗ് ബാലൻസ് കൃത്യമല്ല

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിൽ 2021-22 ൽ ക്ലോസിംഗ് ബാലൻസ് (RP40(b)) 54,31,680/- രൂപയായിരുന്നു. എന്നാൽ 2022-23 എ.എഫ്.എസ് പ്രകാരം ഓപ്പണിംഗ് ബാലൻസ് (RP40(a)) 54,31,690/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 10/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 Contractors Retention – തുക കൃത്യമല്ല

Contractors Retention ഇനത്തിൽ വാർഷികധനകാര്യ പത്രിക (B-7) പ്രകാരമുള്ള തുക 2,76,534/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ബാലൻസ് 2,68,632/- രൂപയാണ്. 7,902/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ടി വ്യത്യാസം മുൻ എ.എഫ്.എസ് ബാലൻസിലെ(C.B) വ്യത്യാസമാണ് തൻ വർഷത്തെ മുന്നിരുപ്പിലും നീക്കിയിരുപ്പിലും ഉണ്ടായിട്ടുള്ളത്.

1-1-9 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-18918455.00) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-15927135) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-10 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ.(എം.എസ്.) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കേണ്ടതാണ്.

1-1-11 Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-12 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

1-1-13 Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല

Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത (ഷെഡ്യൂൾ I-18, തുക 42,003/-) നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-14 LGTSB അക്കൗണ്ടിലെ ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല

LGTSB അക്കൗണ്ടിൽ(A/C No.799013000000267) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023-ൽ തുകയൊന്നും അവശേഷിച്ചിരുന്നില്ല(ബാലൻസ്-0). എന്നാൽ RP 40(b) ൽ 57,929/-

രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-15 MGNREGS കണക്കിൽ കൃത്യതയില്ല

MGNREGS ൽ I-6 ൽ ഉൾപ്പെട്ട ആകെ റവന്യൂ ചെലവുകൾ (അഡ്മിൻ+ തൊഴിലാളികളുടെ കൂലി-26992627/-) M.I.S സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതയിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/3.11.2023) മറുപടി ഹാജരാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 01.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 31,09,69,823 | 29,25,24,430 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ) | 17,94,22,636 | 20,70,41,717 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,07,59,285 |
| വരവ് | 6,94,63,338 |
| ആകെ | 9,02,22,623 |
| ചെലവ് | 6,84,10,757 |
| നീക്കിയിരിപ്പ് | 2,18,11,866 |

### 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 2,48,39,000 | 2,48,39,000 | 2,24,36,059 | 24,02,941 (Lapse) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,46,68,000 | 1,46,68,000 | 1,33,97,407 | 12,70,593 (Lapse) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1,87,000 | 1,87,000 | 1,75,739 | 11,261(Lapse) |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,33,46,000 | 1,33,46,000 | 41,61,610 | 91,84,390 (Lapse) |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 0 | 74,95,000 | 74,95,000 | 63,10,691 | 11,84,309 (Lapse) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് (ബാങ്ക്) | 30,42,934 | 59,80,000 | 90,22,934 | 43,92,620 | *46,30,314 (ബാങ്ക്) |
| | ടൈഡ് (ട്രഷറി) | | 48,42,049 | 48,42,049 | 38,35,560 | 10,06,489 (Lapse) |
| | അൺ ടൈഡ് (ബാങ്ക്) | 5,19,787 | 42,72,861 | 47,92,648 | 38,04,247 | *9,88,401 (ബാങ്ക്) |
| | അൺ ടൈഡ്(ട്രഷറി) | | 4,55,934 | 4,55,934 | 1,89,572 | 2,66,362 (Lapse) |

*വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട സി.എഫ്.സി കണക്കുകൾ യഥാർത്ഥ തുകയെ പ്രതിഫലിപ്പിക്കുന്നില്ല. ഖണ്ഡിക 1-1-2 കണ്ടാലും.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 199 | 13,48,82,400 | 140 | 7,54,47,934 | 6 | 53 | 70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7,60,311 | 10,67,484 | 18,27,795 | 10,69,945 | 7,57,850 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 2,59,22,682 | 2,59,22,682 | 2,59,22,682 | |
| ആകെ | 7,60,311 | 2,69,90,166 | 2,77,50,477 | 2,69,92,627 | 7,57,850 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18,120 | 15 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8,30,600 | 757 |
| വിധവാപെൻഷൻ | 1,75,51,500 | 1696 |
| വാർദ്ധക്യകാലപെൻഷൻ | 3,76,85,400 | 3729 |
| വികലാംഗപെൻഷൻ | 49,25,600 | 458 |
| അവിവാഹിതപെൻഷൻ | 7,91,600 | 79 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 6 |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.11.23 തീയ്യതിയിൽ 3.00 പി.എം.ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,848 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പി.ഡബ്ലിയു.ഡി. മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവിനായി തുക പിൻവലിക്കുകയും അത് അഡ്മിൻ അക്കൗണ്ടിൽ നിലനിർത്തുകയും ചെയ്യുന്നു. കാലിത്തൊഴുത്ത് നിർമ്മാണം എന്ന പദ്ധതിയുടെ മെറ്റീരിയൽസിന്റെ വിലയിനത്തിലും ഇപ്രകാരം തുക പിൻവലിച്ച് അഡ്മിൻ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

5. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ

കാലികമാക്കപ്പെട്ടിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

7. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത

### നികുതി വരുമാനം

വസ്തുനികുതി, തൊഴിൽനികുതി എന്നിവയാണ് നികുതിയിനത്തിലുള്ള പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. അവ പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ വ്യത്യാസത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ് | കുറവ് |
|---|---|---|---|---|
| വസ്തുനികുതി -പാർപ്പിടം | 38,36,948 | 43,75,835 | 5,38,887 | -- |
| വസ്തുനികുതി -പാർപ്പിടേതരം | 25,93,621 | 28,30,361 | 236740 | -- |
| തൊഴിൽ നികുതി-ജീവനക്കാർ | 13,16,860 | 11,39,630 | -- | 1,77,230 |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 3,44,530 | 2,30,050 | -- | 1,14,480 |

മുൻ വർഷത്തെ അപേക്ഷിച്ച് വസ്തു നികുതിയിൽ പാർപ്പിട ഇനത്തിൽ 14 ശതമാനത്തിന്റെയും പാർപ്പിടേതര ഇനത്തിൽ 9 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് തൊഴിൽ നികുതി 33.22 ശതമാനവും ജീവനക്കാരുടെ തൊഴിൽ നികുതി 13.45 ശതമാനവും കുറവായാണ് പിരിച്ചെടുത്തിട്ടുള്ളത്. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല എന്ന ഒരു അപാകതയും നിലനിൽക്കുന്നു. കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

### നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് വരവ്, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ, 2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതിയേതര വരവിലുണ്ടായ വ്യത്യാസത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ് ശതമാനം | കുറവ് ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 1,80,050 | 2,51,400 | 71 | |
| വാടക | 17,559 | -- | | 100 |
| മാർക്കറ്റ് വരവ് | 7,510 | 62,850 | 11 | |
| ബിൽഡിംഗ് | 2,10,044 | 3,30,510 | 63 | |

| | | | | |
|---|---|---|---|---|
| പെർമിറ്റ് ഫീസ് | | | | |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 1,15,862 | 1,27,019 | 91 | |

ലൈസൻസ് ഫീസ്, മാർക്കറ്റ് ഫീസ് വരവ് എന്നിവയിൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ വാടക വരവിൽ കുറവുണ്ടായിട്ടുണ്ട്. വലവടയിൽ പ്രവർത്തിച്ചുവന്ന ഷോപ്പിംഗ് കോംപ്ലക്സ് എം.സി.എഫ്. പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതുകൊണ്ടാണ് വാടക വരുമാനത്തിൽ കുറവുണ്ടായത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ വരുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെയുള്ള അനധികൃത നിർമ്മാണങ്ങളും കൂട്ടിച്ചേർക്കലുകളും നടക്കുന്നുണ്ടോയെന്ന് വാർഡിന്റെ ചുമതലയുള്ള ജീവനക്കാർ നിരീക്ഷിക്കേണ്ടതാണ്.

<u>പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ</u>

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

<u>തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് പരിഗണിക്കാവുന്ന ചില മേഖലകൾ ചുവടെ പരാമർശിക്കുന്നു</u>

1. 2011-ലെ കേരള പഞ്ചായത്ത് രാജ്( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്താമെങ്കിലും ആയതിനുള്ള സാധ്യതകൾ പഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നില്ല. ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപത്തോ ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ ചട്ടം 27-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തുനികുതിയുടെ 4%-ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തുനികുതിയുടെ 3%-ൽ കുറയാത്ത തുക |
| തെരുവ് വിളക്കുകൾ | വസ്തുനികുതിയുടെ 2%-ൽ കുറയാത്ത തുക |
| ഡ്രയിനേജ് | വസ്തുനികുതിയുടെ 1%-ൽ കുറയാത്ത തുക |

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതകൾ പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. വിനോദ സഞ്ചാരത്തിന് വളരെയധികം സാധ്യതകൾ ഉള്ള പഞ്ചായത്താണ് ചെട്ടികുളങ്ങര.

തീർത്ഥാടന വിനോദസഞ്ചാരം, പൈതൃക വിനോദസഞ്ചാരം എന്നിവയ്ക്ക് സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്ന പല സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമായ അധികാരങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട്, വരുമാനം ലഭിക്കുന്ന രീതിയിൽ പ്രസ്തുത സ്ഥലങ്ങൾ വികസിപ്പിച്ചെടുക്കുന്നതും നിലവിലുള്ള സ്ഥലങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും പരിഗണിക്കാവുന്നതാണ്.

വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ആളെ തെരഞ്ഞെടുത്ത് 27.06.2023-ലെ 2(2) നമ്പർ തീരുമാന പ്രകാരം നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റ് നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുൻനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും, ഡാറ്റാ എൻട്രിക്കുമായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് 16.5.23-ൽ നടന്ന സാധാരണ യോഗത്തിലെ 3 (1)നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള 19 വാർഡുകളിൽ ഒരു വാർഡിലെ ഗാർഹിക കെട്ടിടങ്ങളിൽ മാത്രമേ മേൽ പദ്ധതി പ്രകാരം വിവരശേഖരണം നടത്തിയിട്ടുള്ളു. ആയതിന്റെ തന്നെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി, വസ്തുനികുതി പരിഷ്കരണത്തിനായുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ

അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് 27.07.2023-ലെ ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിച്ചത് പ്രകാരം 07.07.2023-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിട്ടില്ല. 2011-ലെ വിജ്ഞാപനത്തിൽ നിശ്ചയിച്ചത് മാറ്റമില്ലാതെ തുടരുന്നതാണെന്നാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. 2011-ന് ശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ, റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

4. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ്

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി 1, ജി 2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല. സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തി. 20.6.2022 ഉത്തരവ് പ്രകാരമുള്ള പോസ്റ്റ് ഒക്യുപെൻസി ഫീൽഡ് പരിശോധന നടത്തേണ്ടതാണ്..

5. നിഷ്ക്രിയ ആസ്തികൾ വരുമാനദായകമാക്കാൻ ശ്രമിക്കേണ്ടതാണ്

പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മെയിന്റനൻസ് പൂർത്തീകരിച്ചിട്ടുണ്ട്. ടി ഓഫീസിന്റെ മുറ്റം കൂടി ഇന്റർ ലോക്ക് ചെയ്യുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചുകഴിഞ്ഞു. ഈ ഓഫീസ് കെട്ടിടത്തെ വാടകയ്ക്ക് നൽകിയാൽ ഗ്രാമപഞ്ചായത്തിന് വാടക ഇനത്തിൽ വരുമാനം ലഭ്യമാകുന്നതാണ്.

6. കാർഷിക ഉല്പന്നങ്ങളുടെ വിളവിലൂടെയുള്ള സാമ്പത്തിക അഭിവൃദ്ധി

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് ഓണാട്ടുകരയിൽ സുലഭമായി ലഭ്യമാകുന്ന എള്ളിനെ വ്യാവസായിക ഉൽപന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുള്ള ആശയം One Local Body One Product Scheme ൽ ഉൾപ്പെടുത്തി വ്യാവസായിക വകുപ്പിന് നൽകിയിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ ഇത്തരം സംരംഭങ്ങളിലൂടെ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതയെ പ്രയോജനപ്രദമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തനത് വരുമാനത്തെ ഏറ്റവും അധികം ശോഷിപ്പിക്കുന്ന 2 ഘടകങ്ങൾ വൈദ്യുതി ചാർജ്ജും, വെള്ളക്കരവുമാണ്. ഗ്രാമപഞ്ചായത്തിന്റെ 1155232001803 കൺസ്യൂമർനമ്പർ പ്രകാരം മാത്രം പ്രതിമാസം 2,19,675 രൂപ നിരക്കിൽ പ്രതിവർഷം വലിയ തുക വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കേണ്ടതായി വരുന്നു. കൂടാതെ വെള്ളക്കരം ഇനത്തിൽ 3,79,747 രൂപ നിരക്കിൽ പ്രതിമാസം പണം ഒടുക്കിവരുന്നു. മീറ്റർ സ്ഥാപിച്ച് വൈദ്യുതി ഇനത്തിലും ജലവിതരണ പദ്ധതികൾ

ആവിഷ്കരിച്ച് വെള്ളക്കര ഇനത്തിലും ചെലവ് നിയന്ത്രിച്ച് തനത് വരുമാന ശോഷണത്തെ നിയന്ത്രിക്കുന്നത് ഉചിതമായിരിക്കും.

1-11 മേൽത്തരം തറവിസ്തൃതിക്കുള്ള അധിക നികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക പിഴവു കാരണം നഷ്ടമാകുന്നു

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -6 പട്ടിക-6 പ്രകാരം 250 ച.മീറ്ററിലധികം ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവയാൽ നിർമ്മിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം -6 പട്ടിക-6 പ്രകാരം അടിസ്ഥാനനികുതിയുടെ 15% വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിയമത്തിൽ ബാധകമാക്കിയിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽ കൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും ഒഴിവാകുന്ന അവസ്ഥയാണുള്ളത്.

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയിച്ച മാത്യു വർഗ്ഗീസ് മുല്ലനേത്ത് കടവൂർ, കരിപ്പുഴ എന്നയാളുടെ പേരിലുള്ള കെട്ടിടത്തിന് 1/148 B മുതൽ 1/148 P വരെ നമ്പറുകൾ നൽകി കെട്ടിടഭാഗങ്ങളെ വ്യത്യസ്ത കെട്ടിടങ്ങളാക്കി വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തൃതി | അടിസ്ഥാനവസ്തു നികുതി | 15% വർദ്ധനവ് വരുത്തി ഈടാക്കേണ്ട തുക | നികുതി ഈടായാക്കിയതിലെ കുറവ് |
|---|---|---|---|---|
| 1/148 B | 20.91 | 1882 | 2164 | 282 |
| 1/148 C | 22.07 | 1986 | 2284 | 298 |
| 1/148 D | 23.33 | 2100 | 2415 | 315 |
| 1/148 E | 18.1 | 1629 | 1873 | 244 |
| 1/148 F | 19.6 | 1764 | 2029 | 265 |
| 1/148 G | 21.78 | 1960 | 2254 | 294 |
| 1/148 H | 20.89 | 1880 | 2162 | 282 |
| 1/148 I | 11.03 | 993 | 1142 | 149 |
| 1/148 J | 86.04 | 7744 | 8906 | 1162 |
| 1/148 K | 112.8 | 10152 | 11675 | 1523 |
| 1/148 L | 183 | 16470 | 18941 | 2471 |

| | | | | |
|---|---|---|---|---|
| 1/148 M | 17.36 | 1562 | 1796 | 234 |
| 1/148 N | 174.07 | 15666 | 18016 | 2350 |
| 1/148 O | 174.07 | 15666 | 18016 | 2350 |
| 1/148 P | 174.07 | 15666 | 18016 | 2350 |
| ആകെ | 1079.12 | 97120 | 111689 | 14569 |

ഈ ഒരു കെട്ടിടത്തിന്റെ വസ്തുനികുതിയിനത്തിൽ തന്നെ സാമ്പത്തിക വർഷം 14,569 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുന്നു. വിഷയം IKM ന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

1-12 ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2019, ചട്ടം 9, 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം അപേക്ഷകന് റൂൾ 14 പ്രകാരം ഭരണസമിതിയ്ക്ക് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി കണക്കാക്കി അപേക്ഷകന് നിർമ്മാണം തുടരാവുന്നതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷകളിൽ നിശ്ചിത കാലയളവിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. കൂടാതെ അപേക്ഷകർ പഞ്ചായത്ത് കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയതിന്റെയും കമ്മറ്റി അതിൽ തീരുമാനം എടുത്തതിന്റെയും രേഖകൾ പെർമിറ്റ് രജിസ്റ്ററിലില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നം. | അപേക്ഷകന്റെ വിലാസം | അപേക്ഷ ലഭിച്ച തീയതി | പെർമിറ്റ് അനുവദിച്ച തീയതി | നിർമ്മിതിയുടെ സ്വഭാവം |
|---|---|---|---|---|
| 91875/23 | സരസൻ, നെടുമ്പള്ളിൽ | 05.04.2022 | 04.06.2022 | വാണിജ്യ കെട്ടിടം |
| 27073/23 | ആശ മധു, പ്ലക്കാട്ട് | 13.04.2022 | 20.08.2022 | വാസഗൃഹം |
| 192585/22 | അനീഷ്.ആർ, മണിവേലിൽ | 16.042022 | 10.06.2022 | വാസഗൃഹം |

| | | | | |
|---|---|---|---|---|
| 265277/22 | രാജേഷ് പണിക്കർ, ചെങ്കിലാത്ത് | 16.04.2022 | 12.08.2022 | വാസഗൃഹം |
| 233404/22 | സന്തോഷ് കുമാർ, തോപ്പിൽ കിഴക്കേതിൽ | 21.04.2022 | 14.07.2022 | വാസഗൃഹം |
| 162529/23 | ഹരിദാസ്, മൊതലശ്ശേരിൽ | 22.02.2023 | 09.05.2023 | വാണിജ്യ കെട്ടിടം |

പെർമിറ്റ് സമയബന്ധിതമായി നൽകാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-13 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല

സഞ്ചയ ഡേറ്റബേസ് പ്രകാരം 1700 വാണിജ്യ കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റിൽ 446 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷം 655 സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലഹരണപ്പെട്ടതാണെന്ന് വ്യക്തമാണ്.
പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടയ്ക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1996-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) എന്നിങ്ങനെയുള്ള വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതായി രേഖയില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചതായും രേഖയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/7.11.2023) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുമെന്നും മാവേലിസ്റ്റോറുകളിൽ നിന്ന് തുടർ വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കുമെന്നും ഗവൺമെന്റ് ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായതിനാലാണ് റേഷൻ ഡിപ്പോകൾ, അബ്കാരി ഷോപ്പുകൾ എന്നിവ ലൈസൻസ് എടുക്കാതിരുന്നതെന്നും അറിയിച്ചു.
പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ടിൽ 7,84,083 രൂപയുടെ നീക്കിയിരുപ്പ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ഇ-ടെണ്ടർ അക്കൗണ്ടിൽ(എസ്.ബി.ഐ-14431), 08.10.23-ൽ 7,84,083/- രൂപ നീക്കിയിരുപ്പുണ്ട്. 06.10.23-ൽ ലഭിച്ച 7,11,225/- രൂപ ഉൾപ്പെടെയുള്ള ബാലൻസ് ആണിത്. 7,11,225/- രൂപ ഏത് പദ്ധതിക്ക് ലഭിച്ചതാണെന്നും തുക ചെലവഴിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(17/04.11.23), പുഞ്ചക്കാല തട്ടാവഴി തോട് പിച്ചിംഗ് എന്ന പ്രവൃത്തിയുടെ 2nd & ഫൈനൽ ബിൽ തുക ആണെന്നും ടി തുക പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ ഒടുക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചത്. അതായത് പ്രവൃത്തി പൂർത്തീകരിക്കാതെ തന്നെ തുക പിൻവലിച്ചിട്ടിരിക്കുകയാണെന്ന് കാണുന്നു. ഇ-ടെണ്ടർ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ നാളിതുവരെ തിരിച്ചടച്ചിട്ടില്ല

സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി)23.01.2020-ലെ 07/2020 നം. സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/ കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐഡി നം. | പേര് മേൽവിലാസം | പി.പി.ഒ നം.& ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|
| 1 | 104830100697 | ശാരദാമ്മ, കൈതവിളയിൽ, മേനാംമ്പള്ളി | CQR/6175 | 41,800 | 0 | 41,800 |
| 2 | 104830101149 | ജാനകി, ചന്ദ്രഭവനം, ഈരേഴ വടക്ക് | ലഭ്യമല്ല | 58,700 | 0 | 58,700 |
| 3 | 104830101493 | ഓമന കളത്തിന്റെ വടക്കതിൽ | 86230707 | 52,100 | 0 | 52,100 |
| 4 | 104830101612 | പൊന്നമ്മ കെ., | ലഭ്യമല്ല | 52,100 | 0 | 52,100 |

| | | | | | | |
|---|---|---|---|---|---|---|
| | | ശരത് ഭവനം, കണ്ണമംഗലം തെക്ക് | | | | |
| 5 | 104830201523 | വിജയമ്മ.എൽ, ചെങ്കിലത്ത് വീട്, കടവൂർ | ലഭ്യമല്ല | 68,100 | 0 | 68,100 |
| 6 | 104830201990 | തങ്കമ്മ യോഹന്നാൻ, തണ്ടളത്ത് കരീപ്പുഴ | ലഭ്യമല്ല | 81,900 | 0 | 81,900 |
| 7 | 104830202414 | ഗോപാലകൃഷ്ണപിള്ള, കൊച്ചുവീട്ടിൽ പീടികയിൽ, ഈരേഴതെക്ക് | 36208607 | 52,500 | 0 | 52,500 |
| 8 | 104830202566 | വിജയമ്മ, വിജയഭവനം, കണ്ണമംഗലം തെക്ക് | Cgr/8892 | 32,600 | 0 | 32,600 |
| 9 | 104830202903 | സാവിത്രിയമ്മ, രാജി ഭവനം, ഈരേഴ വടക്ക് | Cgr/7151 | 6,700 | 3500 | 3,200 |
| 10 | 104830202923 | രത്നമ്മ, ശ്രീനിലയം, മേനാംമ്പള്ളി | Cgr/8831 | 3,700 | 0 | 3,700 |
| 11 | 104830202945 | ആനന്ദക്കുഞ്ഞമ്മ, നമ്പിയത്ത് വീട്, കൈതവടക്ക് | ലഭ്യമല്ല | 32,600 | 0 | 32,600 |
| 12 | 104830400336 | സോമരാജ് പി.എൻ. പച്ചമ്പള്ളി | ലഭ്യമല്ല | 64,100 | 0 | 64,100 |
| 13 | 104830203277 | സരസമ്മ, കൃഷ്ണാലയം, ഈരേഴതെക്ക് | ലഭ്യമല്ല | 31,500 | 0 | 31,500 |
| 14 | 104830203106 | അച്യുതൻപിള്ള, എ.ആർ വില്ല, ഈരേഴവടക്ക് | ലഭ്യമല്ല | 31,500 | 0 | 31,500 |
| 15 | 104830202260 | ശശിധരൻ പി.കെ. ശ്യം നിവാസ്, കടവൂർ | 11178990 | 37,600 | 8,000 | 29,600 |
| | | | | | ആകെ | 6,36,000 |

അനർഹമായി കൈപ്പറ്റിയ തുക മേൽ പെൻഷണർമാരിൽ നിന്നും തിരികെ ഈടാക്കാൻ മുൻ ഓഡിറ്റ് റിപ്പോർട്ടിലൂടെ നിർദ്ദേശം നൽകിയിരുന്നു. അതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. അനർഹമായി കൈപ്പറ്റിയ 6,36,000/- രൂപ തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ്

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം ലക്ഷങ്ങളുടെ നീക്കിയിരിപ്പുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ക്യാഷ് ബുക്ക് | പാസ്സ് ബുക്ക് |
|---|---|---|
| 31.03.2022 | 760311.29 | 760311.29 |
| 31.03.2023 | 757850.29 | 757850.29 |

മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രവൃത്തികളുടെ തുക പിൻവലിച്ച് അഡ്മിൻ അക്കൗണ്ടിൽ നിലനിർത്തുകയും ഗുണഭോക്താക്കൾക്ക് ഈ അക്കൗണ്ടിൽ നിന്നും തുക അനുവദിക്കുന്ന രീതിയാണ് പിൻ തുടർന്ന് വന്നിരുന്നത്. ഇത് ക്രമ പ്രകാരമുള്ള നടപടിയല്ല.

2021-22 വർഷ ഓഡിറ്റ് റിപ്പോർട്ട്, ഖ.1-20-എം.ജി.എൻ.ആർ.ഇ.ജി.എസ് - ധനവിനിയോഗത്തിലും പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തലിലും അപാകം എന്ന ഖണ്ഡികയിൽ അഡ്മിൻ അക്കൗണ്ടിൽ പിൻവലിച്ച് നിക്ഷേപിച്ചിട്ടുള്ള തുകകൾ തിരികെ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല.

അക്കൗണ്ടിംഗ് വ്യവസ്ഥകൾക്ക് വിരുദ്ധമായി അഡ്മിൻ അക്കൗണ്ടിൽ തുക നിലനിർത്തിയിരിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 25/22-23/ 07.11.23 ന് 2021-22 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടേതായി അഡ്മിൻ അക്കൗണ്ടിൽ നിക്ഷേപിച്ച തുകകൾ ഗുണഭോക്താക്കൾക്ക് നല്കുകയും അതിന്റെ ബാലൻസ് തുക തിരികെ ഒടുക്കുന്നതിന് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തിരിച്ചടയ്ക്കുന്നതാണെന്നും മറുപടി നല്കി. തുക തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടില്ല

2022-23 ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിച്ചതിന് ഓരോ പ്രവൃത്തികൾക്കും അതത് മേറ്റുമാരുടെ പേരിൽ 2,300/-രൂപ മുതൽ 3,000/-രൂപ വരെ കണക്കാക്കി മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയിട്ടുണ്ട് .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറകടറുടെ 14.9.2018-ലെ 2579/EGS-C/17/REGS നടപടിക്രമം അനുസരിച്ച് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് കുടുംബശ്രീ സംരംഭ ഗ്രൂപ്പിനെ ഏൽപ്പിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകൾക്ക് പരിശീലനം ലഭ്യമാക്കണമെന്നും തൊഴിലുറപ്പ് പദ്ധതിയുടെ എംബ്ലം ടൈലുകളിൽ പതിച്ചശേഷം പ്രസ്തുത ടൈൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ ഒട്ടിച്ച് വെക്കണമെന്നും ആയതിനുള്ള പരിശീലനം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ പദ്ധതി പ്രവൃത്തികളിൽ ബോർഡ് സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിക്കുകയോ, കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്ത് അവരെ ഏൽപ്പിക്കുകയോ ചെയതിട്ടില്ല .

ഓഡിറ്റ് അന്വേഷണം നം.24/22-23/07.11.2023 മുഖേന ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് കുടുംബശ്രീ ഗ്രൂപ്പുകളെ തിരഞ്ഞെടുത്ത് നല്കുവാൻ സി.ഡി.എസ്. ൽ അറിയിപ്പ് നല്കിയെങ്കിലും ടെൻഡർ സമർപ്പിക്കുന്നതിനോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനോ ആരും

തയ്യാറാകാത്തതിനാൽ ഉത്തരവ് നടപ്പാക്കാൻ സാധിച്ചില്ല എന്ന് മറുപടി നല്കി.

നിലവിൽ വാർഡ് -9 ലെ കുടുംബശ്രീ അംഗമായ സലീല എൻ., ധനേഷ് ഭവൻ, ഈരേഴതെക്ക് എന്നയാൾ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തയ്യാറായി വന്ന്, ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉൾപ്പെടെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭരണ സമിതി തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ ഉത്തരവിലെ നിർദ്ദേശാനുസരണം നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 കയർ ഭൂവസ്ത്രം - വാങ്ങിയ അളവും വിനിയോഗിച്ച അളവും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് വിഭാഗം മുഖേന 2022-23 കാലയളവിൽ നടപ്പാക്കിയ കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തിയിൽ ഭഗവതിപ്പടി മുതൽ ബഥനി മഠം വരെയുള്ള ഏകദേശം രണ്ടര കിലോമീറ്റർ നീളമുള്ള കനാലിന്റെ ഇരു വശങ്ങളെയും 75 മീറ്റർ വീതമുള്ള റീച്ചുകളായി തിരിച്ച് കയർ ഭൂവസ്ത്രം വിരിച്ചിട്ടുണ്ട്. പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ വാങ്ങിയ കയർ ഭൂവസ്ത്രത്തിന്റെ അളവും വിനിയോഗിച്ച ഭൂവസ്ത്രത്തിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് കണ്ടു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ് | എം ബുക്ക് നമ്പർ | ഇൻവോയിസ് നം./തുക (@70/+ GST/sq.m) | ബിൽ പ്രകാരം വാങ്ങിയ കയർ ഭൂവസ്ത്രത്തിന്റെ അളവ് ($M^2$) | എം ബുക്ക് പ്രകാരം വിനിയോഗിച്ച ഭൂവസ്ത്രത്തിന്റെ അളവ് ($M^2$) | എം ബുക്ക് പ്രകാരം കയർ ഭൂവസ്ത്രത്തിന് അനുവദിച്ച തുക@ 70/$m^2$ | FTO നമ്പർ |
|---|---|---|---|---|---|---|---|
| 1 | ഭഗവതിപ്പടി മുതൽ – തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 225- 300 M /1611008002 /FP/392323 | 86/22-23 | CC/IG/3777 /02.02.23 /44100 | 600 | 1425 | 99750 | 0121EATPAYREQ 108202316540 |
| 2 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 300- 375 M /1611008002 /FP/392324 | 87/22-23 | ഇൻവോയിസ് ഫയലിൽ ഇല്ല | - | 1605 | 112350 | 0121EATPAYREQ 108202316539 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 375- 450 M /1611008002 /FP/392325 | 93/22-23 | CC/IG/3811 /02.02.23/ 176400/- | 2400 | 1665 | 116550 | 0121EATPAYREQ 108202316144 |
| 4 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 450 -525m /1611008002 /FP/392326 | 91/22-23 | CC/IG/3786 /02.02.23 | 1500 | 2175 | 152950 | 0121EATPAYREQ 108202316139 |
| 5 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 525- 600 M /1611008002 /FP/392328 | 94/22-23 | ഇൻവോയിസ് ഫയലിൽ ഇല്ല | - | 1995 | 139650 | 0121EATPAYREQ 108202316151 |
| 6 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 600- 675 /1611008002 /FP/392329 | 71/22-23 | CC/IG/3789 /02.02.23 | 1800 | 1470 | 102900/- | 0121EATPAYREQ 108202316121 |
| 7 | ഭഗവതിപ്പടി മുതൽ -തണൽ | 88/22-23 | CC/IG/3554 /02.02.23 | 2400 | 1665 | 116550 | 0121EATPAYREQ 108202316120 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 675- 750 M/1611008002 /FP/392330 | | /176400 | | | | |
| 8 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 750 - 825 M /1611008002 /FP/392331 | 47/22-23 | ഇൻവോയിസ് ഫയലിൽ ഇല്ല | - | 1605 | 112350 | 0121EATPAYREQ 108202316137 |
| 9 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 825 - 900 /1611008002 /FP/392332 | 68/22-23 | CC/IG/3793 /02.02.23 /1764000 | 2400 | 1717.50 | 120225 | 0121EATPAYREQ 108202316147 |
| 10 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 900 – 975 M /1611008002 /FP/392333 | 161/22-23 | CC/IG/3561 /02.02.23 /176400/- | 2400 | 1710 | 119700 | 0121EATPAYREQ 108202316165 |
| 11 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ | 89/22-23 | ഇൻവോയിസ് ഫയലിൽ ഇല്ല | - | 1710.5 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 975 -1050 M /1611008002 /FP/392335 | | | | | | |
| 12 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1050- 1125 M/1611008002 /FP/392336 | 90/22-23 | CC/IG/3563 /02.02.23 /1764000 | 2400 | 1605 | 112350 | 0121EATPAYREQ 108202316137 |
| 13 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1125 – 1200 M /1611008002 /FP/392339 | 92/22-23 | ഇൻവോയിസ് ഫയലിൽ ഇല്ല | - | 1700.75 | 119053 | 0121EATPAYREQ 108202316148 |
| 14 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1200 – 1275 M/1611008002 /FP/392340 | 163/22-23 | CC/IG/3568 /02.02.23 /176400 | 2400 | 1725 | 120750 | - |
| 15 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് | 97/22-23 | CC/IG/3790 /02.02.23/ 176400/- | 2400 | 1638 | 114660/- | 0121EATPAYREQ 108202316142 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സംരക്ഷിക്കൽ 1275 - 1350 /1611008002 /FP/392341 | | | | | | |
| 16 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1350 - 1425 /1611008002 /FP/392343 | 102/22-23 | CC/IG/3788 /02.02.23 /110250/- | 1500 | 1614 | 112980 | 0121EATPAYREQ 108202316155 |
| 17 | ഭഗവതിപ്പടി മുതൽ -തണൽ ജം.വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1425 - 1500 /1611008002 /FP/392344 | 104/22-23 | CC/IG/3564/ | 2400 | 1695 | 118650 | 0121EATPAYREQ 108202316153 |
| 18 | തണൽ ജം. ബഥനി മഠം വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1500 -1575 M /1611008002 /FP/392425 | 70/22-23 | CC/IG/3797 /02.02.23 /176400 | 2400 | 2089.50 | 146265 | 0121EATPAYREQ 108202316145 |
| 19 | തണൽ ജം. ബഥനി മഠം വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1575- 1650 M | 132/22-23 | CC/IG/3567 /02.02.23 /176400 | 2400 | 1780.50 | 124635 | 0121EATPAYREQ 108202316156 |

| | | | | | | | |
|---|---|---|---|---|---|---|---|
| | /1611008002 /FP/392427 | | | | | | |
| 20 | തണൽ ജം. ബഥനി മഠം വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1650-1725 M /1611008002 /FP/392428 | 96/22-23 | CC/IG/3569 /02.02.23 /176400/- | 2400 | 1792.50 | 125475 | 0121EATPAYREQ 108202316164 |
| 21 | തണൽ ജം. ബഥനി മഠം വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1725 -1800 M /1611008002 /FP/3923430 | 159/22-23 | CC/IG/3791 /02.02.23 | 1800 | 1668 | 116760 | 0121EATPAYREQ 108202316161 |
| 22 | തണൽ ജം. ബഥനി മഠം വരെ കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കൽ 1800 - 1875/1611008002 /FP/392431 | 103/22-23 | CC/IG/3776 /02.02.23 /1764000 | 2400 | 1602 | 112140 | 0121EATPAYREQ 108202316159 |

വാങ്ങിയ മുഴുവൻ അളവിലും ഉള്ള കയർ ഭൂവസ്ത്രം മേൽ പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബാക്കി കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.26/22-23/07.11.23 ന് ഭഗവതിപ്പടി മുതൽ ബഥനി മഠം വരെയുള്ള കനാലിന്റെ ഇരു വശവും വിരിക്കുവാൻ ആകെ ഇറക്കിയ 39000$m^2$ കയർ ഭൂവസ്ത്രത്തിൽ 1350 $M^2$ അധികം വരികയും അതിൽ നിന്നും 450$m^2$ കയർ ഭൂവസ്ത്രം 2023-24 സാമ്പത്തിക വർഷം 17-ാം വാർഡിലെ പോര് തോട് കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവർത്തിക്കായി വിനിയോഗിച്ചുവെന്നും ബാക്കി 900 $M^2$ കയർ ഭൂവസ്ത്രം വാർഡ് 14 ൽ കേടുപാടുകൾ സംഭവിക്കാതെ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നല്കി. അടുത്ത പ്രവൃത്തികൾക്കായി ഇത് വിനിയോഗിക്കുന്നതാണെന്ന വിവരവും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.



തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് എടുത്ത് അതിന് അനുസൃതമായി ആണ് മെറ്റീരിയലിന്റെ അളവ് നിശ്ചയിക്കേണ്ടത്. മേൽ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് ഓരോ ഫയലിലും ഇട്ടിട്ടുണ്ടെങ്കിലും നടപ്പാക്കിയ പ്രവൃത്തികളിൽ അത് പ്രതിഫലിച്ചിട്ടില്ല. ആവശ്യത്തിലും അധികമായി കയർ ഭൂവസ്ത്രം വാങ്ങുക മൂലം അധികച്ചെലവും വന്നിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന കയർ ഭൂവസ്ത്രത്തിന്റെ വിലയായ 63,000/- രൂപയുടെ (900*70) ചെലവ് തടസ്സപ്പെടുത്തുന്നു.
വാങ്ങുന്ന കയർ ഭൂവസ്ത്രങ്ങൾ സ്റ്റോക്കിലെടുക്കുകയും അതിന്റെ വിനിയോഗം രേഖപ്പെടുത്തേണ്ടതും ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്. കയർ ഭൂവസ്ത്രം പെട്ടന്ന് തന്നെ പൊടിഞ്ഞു പോകുമെന്നതിനാൽ അടിയന്തിരമായി അവ വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ - ഭീമമായ പരിപാലന ചെലവ്

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്ട് നം. | 67/23 | 209/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ (സ്പിൽ ഓവർ) | നിരീക്ഷണ ക്യാമറ – ഇന്റർ നെറ്റ് കണക്ഷനും വൈദ്യുതി കണക്ഷനും എടുക്കൽ |
| അടങ്കൽ | 1155000/- (സി.എഫ്.സി) | 300000/- (സി.എഫ്.സി) |
| ചെലവ് | 1154974/- (സി.എഫ്.സി) | 299934/- (സി.എഫ്.സി) |

| | |
|---|---|
| ബിൽ/BRN (പ്രോജ. നം.67/23) | 220704520111100534497/14.9.2022(271850/-) |
| | 220704520111100613124/06.10.2022(736730/-) |
| | 220704520111101221491/21.12.2022(146394/-) |
| ബിൽ/BRN (പ്രോജ. നം.209/23) | 22070452011110913036/14.12.2022(236617/-) |
| | 22070452011101043453/13.1.2023(18684/-) |

| | |
|---|---|
| | 22070452011101105475/28.01.2023(3054/-) |
| | 22070452011101221497/21.2.2023(41579/-) |

പൊതു സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ പ്രധാനപ്പെട്ട 7 സ്ഥലങ്ങളിൽ 14 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായിരുന്ന പ്രസ്തുത പ്രോജക്ട് ലക്ഷ്യമിട്ടത്. ടി പദ്ധതിയുടെ നിർവഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ തെരഞ്ഞെടുത്തിട്ടുള്ളതും ടോട്ടൽ സർവീസ് പ്രൊവൈഡർ ആയതിനാൽ ടെൻഡർ കൂടാതെ ടി സ്ഥാപനത്തെ പ്രവൃത്തി ഏൽപിച്ചിട്ടുള്ളതുമാണ്. ഫൈബർ കേബിൾ വലിച്ച് ക്യാമറ സ്ഥാപിച്ച് ഇൻസ്റ്റാൾ ചെയ്യുന്നതിനായി ആദ്യപ്രോജക്ടിൽ 11,54,974/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവൃത്തിയുടെ ഭാഗമായി നെറ്റ് കണക്ഷന് ബി.എസ്.എൻ.എൽ നം വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബി.യ്ക്കും മീറ്റർ ബോക്സ് സ്ഥാപിക്കുന്നതിന് ഊരാളുങ്കലിനുമായി 2,99,934/- രൂപ രണ്ടാമത്തെ പ്രോജക്ടിൽ ചെലവഴിക്കുകയുണ്ടായി. ഇതിൽ 2,36,617/- രൂപ ബി.എസ്.എൻ.എലിന് നൽകിയ തൻവർഷത്തെ വാർഷിക ഇൻട്രാനെറ്റ് കണക്ഷൻ ചാർജ്ജാണ്. വാർഷിക ഇൻട്രാനെറ്റ് കണക്ഷൻ ചാർജ്ജ് ആവർത്തന ചെലവായതിനാൽ പഞ്ചായത്തിന് ടി പ്രോജക്ട് മൂലം അധിക ബാദ്ധ്യത ഉണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നു. കേന്ദ്രീകൃത നിരീക്ഷണ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി 7 സ്ഥലങ്ങളിൽ നിന്നും പഞ്ചായത്ത് ഓഫീസ് വരെ കേബിൾ വലിച്ച് മോണിട്ടറും ഡി.വി.ആറും പഞ്ചായത്ത് ഓഫീസിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രീകൃത നിരീക്ഷണ സംവിധാനത്തോടെ പഞ്ചായത്തിൽ ഒറ്റ കൺട്രോൾ യൂണിറ്റ് സ്ഥാപിച്ചതാണ് ടി പ്രോജക്ടിന് ഇത്രയും തുക ചെലവാകാനിടയായത്. കേന്ദ്രീകൃത നിരീക്ഷണ സംവിധാനം ഒഴിവാക്കി ക്യാമറ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ തന്നെ ഓരോ കൺട്രോൾ യൂണിറ്റ് (മോണിട്ടർ, ഡി.വി.ആർ, ഇന്റർനെറ്റ് കണക്ഷൻ)സ്ഥാപിച്ചിരുന്നെങ്കിൽ കേബിൾ വലിക്കൽ ഉൾപ്പെടെയുള്ള ചെലവ് ഒഴിവാക്കാൻ സാധിക്കുക വഴി വളരെ ചെറിയ തുകയ്ക്ക് ഈ പദ്ധതിയുടെ തുടർ പരിപാലനം നിർവഹിക്കാൻ സാധിക്കുമായിരുന്നു. 7 സ്ഥലങ്ങളിൽ നിന്നുള്ള ക്യാമറ ദൃശ്യങ്ങൾ മൊബൈൽ ആപ് വഴി പഞ്ചായത്തിൽ നിന്ന് നിരീക്ഷിക്കാനും അതുവഴി ഭീമമായ ആവർത്തന ചെലവ് ഒഴിവാക്കുവാനും സാധിക്കുമായിരുന്നു. മാർക്കറ്റ് നിരക്ക് പ്രകാരം അൺലിമിറ്റഡ് ഡേറ്റ ലഭിക്കുന്ന 50 MBPS സ്പീഡുള്ള ഒരു ഇൻറർനെറ്റ് കണക്ഷന് 600/- രൂപ നിരക്കിൽ 7 സ്ഥലങ്ങളിലെ കണക്ഷന് പ്രതിമാസം 4,200/- രൂപയും വാർഷികമായി ഏകദേശം 50,400/- രൂപയുമാകുമായിരുന്ന സ്ഥാനത്താണ് ആവർത്തന ചെലവിനത്തിൽ ഓരോ വർഷവും 2,36,617/- രൂപ ബി.എസ്.എൻ.എൽ.ന് നൽകേണ്ട സാഹചര്യം ഉണ്ടായത്. പ്രോജക്ട് സംബന്ധിച്ച് ആവശ്യമായ മുന്നൊരുക്കമോ പഠനമോ കൂടാതെ പദ്ധതി നടപ്പാക്കിയതാണ് ഇപ്രകാരം അധിക ബാദ്ധ്യതയ്ക്കിടയാക്കിയത്. ആവശ്യമായ പഠനം നടത്തി ഭാവിയിൽ ബാധ്യതയാകാത്ത വിധം ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതും സ്പോൺസർഷിപ്പിലൂടെയും സി.എസ്.ആർ. ഫണ്ട് ഉപയോഗപ്പെടുത്തിയും പ്രവൃത്തി നിർവ്വഹണത്തിന്റെ സാധ്യത പരിശോധിക്കാവുന്നതുമാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-20 പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനുപയോഗിക്കാത്ത പണം വായ്പ തിരിച്ചടവിനത്തിൽ റ്റി.എസ്.പി ഫണ്ടിൽ നിന്ന് കുറവ് ചെയ്തു

ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിൽ ഇതുവരെ ലൈഫ് പദ്ധതി വഴി പട്ടികവർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കാർക്കും തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടില്ല എന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പഞ്ചായത്തിന്റെ കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക ഉത്ഭവത്തിൽ കുറവ് ചെയ്യപ്പോൾ റ്റി.എസ്.പി ഫണ്ടിൽ നിന്ന് 42,566/- രൂപ കുറവ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനായി 232/23, 243/23 എന്നീ പ്രോജക്ടുകളും തയ്യാറാക്കപ്പെട്ടു. മറ്റ് വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് വിനിയോഗിച്ച പണം പട്ടിക വർഗ്ഗ

വിഭാഗങ്ങൾക്ക് മാത്രമായി ഉപയോഗപ്പെടുത്തേണ്ട ഫണ്ടിൽ നിന്നും കുറവ് ചെയ്യപ്പെട്ടത് നീതിയുക്തമല്ല. അപാകം പരിഹരിച്ച് തുക തിരികെ ലഭ്യമാക്കി പട്ടിക വർഗ്ഗങ്ങൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ഇത്തരത്തിൽ റ്റി.എസ്.പി ഫണ്ട് തെറ്റായി കുറവ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പിക്കേണ്ടതുമാണ്.

## 1-21 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കും മറ്റ് വിഹിതം നൽകലിനുമായി 40.04 ലക്ഷം രൂപ മുൻകൂറായി നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം., പേര് | ചെലവ് | ബിൽ നം./വൗച്ചർ നം./BRN | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 4/23, കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1490000/- (CFC Tied) | XVFC/2022-23/P/29/17.12.2022 | കേരള വാട്ടർ അതോറിറ്റി |
| 233/23, പൈപ്പ് ലൈൻ നീട്ടൽ | 108000/- (CFC Tied) | XVFC/2022-23 /P/38/10.03.2023 | കേരള വാട്ടർ അതോറിറ്റി |
| 119/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1655402/- (വികസനഫണ്ട്-400000, CFC-755402, ജില്ല-500000) | 22070452011100964229/27.12.22<br>XVFC/2022-23/P/37/10.03.2023 | കെ.എസ്.ഇ.ബി |
| 66/23, ഇലക്ട്രിക് ലൈൻ നീട്ടൽ (സ്പിൽ ഓവർ) | 123849/- (CFC) | XVFC/2022-23/P/30/27.12.2022 | കെ.എസ്.ഇ.ബി |
| 117/23, പാലമുക്ക് കോളനിയിൽ കുടിവെള്ളമെത്തിക്കൽ | 577000/- (വികസനഫണ്ട്-20000, തനത് ഫണ്ട്-557000) | XVFC/2022-23/P/29/17.12.2022<br>UTR0762355555326/16.03.2023 | ഭൂഗർഭ ജല വകുപ്പ്, ആലപ്പുഴ |
| മറ്റ് മുൻകൂറുകൾ | | | |
| 208/23, സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം നൽകൽ | 50000/- (CFC) | XVFC/2022-23/P/27/12.12.2022 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| ആകെ | 4004251/- | | |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/4.11.2023) മറുപടി ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിലെ ചെലവ് തുകയായ 40,04,251/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി (പി.എം.സി) യഥാസമയം യോഗം ചേർന്നില്ല

പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, മെഡിക്കൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി 2 മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പി.എം.സി യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തണമെന്നും തുടർ പരിഹാര

നടപടികൾക്കുള്ള തീരുമാനം എടുക്കേണ്ടതാണെന്നും, ഓരോ മാസത്തേയും റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ച് പി.എം.സി അംഗീകരിക്കണമെന്നും ഇത് സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(സാധാ)നം.553/2019/തസ്വഭവ/7.03.2019) ചട്ടം 2.9.1 ൽ നിർദ്ദേശിക്കുന്നു. എന്നാൽ ഈ ചട്ടം ഓഡിറ്റ് വർഷം പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി ആകെ രണ്ട് തവണ മാത്രമാണ് (30.08.2022, 19.12.2022) യോഗം ചേർന്നിട്ടുള്ളത്. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി യഥാസമയം യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യേണ്ടതും തുടർ നടപടികൾക്കുള്ള തീരുമാനം എടുക്കേണ്ടതുമാണ്. വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 അഗതി രഹിത കേരളം - വികസന ഫണ്ട് ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്നു

സി.ഡി.എസ് ക്യാഷ് ബുക്ക് പരിശോധിച്ചതിൽ അഗതിരഹിത കേരളം പദ്ധതിയ്ക്കായി മുൻ വർഷങ്ങളിൽ ലഭിച്ച തുകയിൽ 75,000/- രൂപ നിലവിലും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടു. നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.1/22-23/ 30.10.2023-ന്, 2020-21 സാമ്പത്തിക വർഷം 4 ആശ്രയ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിക്ക് ഗ്രാമ പഞ്ചായത്ത് വികസന ഫണ്ട് വിഹിതമായി ലഭിച്ച 3,00,000/- രൂപയിൽ മൂന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചുവെന്നും പദ്ധതിയുടെ ഗുണഭോക്താവായിരുന്ന ശ്രീമതി ലത, കല്ലിക്കാട്ട് എന്നയാൾ സ്ഥലം മാറിപ്പോയതിനാൽ ആനുകൂല്യം അനുവദിക്കുവാൻ സാധിച്ചില്ല എന്നും മറുപടി നല്കി. ഈ തുക കമ്മിറ്റി തീരുമാന പ്രകാരം അടുത്ത ഗുണഭോക്താവിന് നല്കുന്നതാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ജന വിഭാഗത്തിനായി അനുവദിക്കുന്ന തുക സിഡിഎസ് അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന പ്രവണത അഭിലഷണീയമല്ല. മേൽപ്പറഞ്ഞ തുക കൂടാതെ മുൻ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന മുഴുവൻ തുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്കായി അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക വികസന ഫണ്ടിൽ തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല

പഞ്ചായത്തിൽ നിർവ്വഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%= 281 രൂപ ഈടാക്കിയിരുന്നെങ്കിലും ജി.എസ്.ടി തുക ഉൾപ്പെടെയുള്ള തുക തനത് ഫണ്ടിൽ വകയിരുത്തുന്നു. ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ബാരൽ ഇനത്തിൽ വില കുറവ് ചെയ്ത തുക | ജി.എസ്.റ്റി ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക@43 |
|---|---|---|
| സൺഡേ സ്കൂൾ കാരിക്കുളങ്ങര റോഡ് | 28ബാരൽ @238=6664 | 1204 |

| | | |
|---|---|---|
| നവീകരണം | | |
| വാളഅയ്യത്ത് മുതൽ തെക്കോട്ടും വടക്കോട്ടും റോഡ് നവീകരണം | 24ബാരൽ@238=5712 | 1032 |
| വെന്നിയിൽ മുക്ക് ഗുരുമന്ദിരം റോഡ് റീടാറിംഗ്, സൈഡ് പിച്ചിംഗ് | 9 ബാരൽ@238 =2142 | 387 |
| | | 2623 |

തനത് ഫണ്ടിൽ നിക്ഷേപിച്ച ബാരൽ വിലയുടെ ജി.എസ്.റ്റി. തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 അൻപൊലിക്കളം കോലത്തിരേത്ത് റോഡ് റീ ടാറിംഗ്- ടെണ്ടർ എക്സസ് അനധികൃതമായി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S0129/23, S0186/24 |
| അടങ്കൽ | 5,00,000 |
| എസ്റ്റിമേറ്റഡ് പി.എ.സി | 423712.90 |
| പി.എ.സി | 455261.57, 6.92%excess |
| കരാറുകാരന്റെ പേര് | എൻ.വിജയരാജൻ |
| കരാർ നം. | 10/AE/22-23/10.02.23 |
| ആകെ മൂല്യം | 537187(ജി.എസ്.റ്റി ഉൾപ്പെടെ) |
| ചെലവഴിച്ച തുക | 500000, 586/26.03.23 |

| | |
|---|---|
| | 37187, 124/11.08.23- Contractor |

അൻപൊലിക്കളം കൊലത്തിരേത്ത് റോഡ് റീ ടാറിംഗ് എന്ന പ്രവ്യത്തിയുടെ അനുബന്ധ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)ടെണ്ടർ എക്സസ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2018-ലെ ഡി.എസ്.ആർ അനുസരിച്ച് കോസ്റ്റ് ഇൻഡക്സ് 141.53 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ ഈ പ്രവ്യത്തിയ്ക്ക് ലഭിച്ച കുറഞ്ഞ ടെണ്ടർ 7% അധികരിച്ച നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത്. 7% അധികരിച്ച നിരക്കാണ് കുറഞ്ഞ ടെണ്ടർ എന്നതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ 14.12.22-ലെ 2(1) നം തീരുമാനം പ്രകാരം ടെണ്ടർ എക്സ്സസ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചിരുന്നു. എന്നാൽ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഡി.എസ്.ആർ പരിഷ്കരിക്കുന്നതിൽ വന്ന കാലതാമസം മൂലം മെറ്റീരിയൽസിന്റെ വിലയിലും കൂലിയിലും വന്ന വർദ്ധനവ് മൂലം കരാറുകാർക്കുണ്ടാവുന്ന നഷ്ടം പരിഹരിക്കുന്നതിനാണ് 2016-ലെ ഡി.എസ്.ആർ നിരക്കിൽ ചെയ്ത പ്രവ്യത്തികൾക്ക് 10% ടെണ്ടർ എക്സസ് അനുവദിച്ചിരുന്നത്. എന്നാൽ ഇവിടെ 2018 ഡി.എസ്.ആർ പ്രകാരമാണ് പ്രവ്യത്തികൾ നടന്നത് എന്നതിനാൽ ടെണ്ടർ എക്സസ് അനുവദനീയമല്ല. ആയതിനാൽ ടെണ്ടർ എക്സസ് ഇനത്തിൽ അനുവദിച്ച 37,187 രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

2)ബാരൽ വില കുറവ് ചെയ്തില്ല

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവ്യത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%=281 രൂപ ഈടാക്കേണ്ടിയിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ആകെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി കൂടി ഉൾപ്പെടുത്തി മൂല്യം കണക്കാക്കിയതിൽ നിന്നും നികുതികൾ, ഇൻഷുറൻസ് കവറേജ് പിഴ ഉൾപ്പെടെ 19,121 രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിലും ബാരൽ വില കുറവ് ചെയ്തില്ല എന്ന് കാണുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(30/08.11.23), ടെണ്ടർ എക്സസ് അനുവദിച്ചതിന് റാറ്റിഫിക്കേഷൻ വാങ്ങി നൽകുന്നതാണെന്നും ബാരൽ വില കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നൽകി. ടെണ്ടർ എക്സസ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റിൽ അധികരിച്ച് ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ജി.എസ്.റ്റി ഉൾപ്പെടെയുള്ള ബാരൽ വില കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-26 സൺഡെ സ്കൂൾ കാരിക്കുളങ്ങര റോഡ് നവീകരണം, വാർഡ് 7,8 - പിഴ ഈടാക്കാതെ പൂർത്തീകരണ കാലയളവ് നീട്ടി നൽകി

| | |
|---|---|
| പ്രോജക്ട് നം. | S0022/22, S0079/23 |
| അടങ്കൽ | 1243000,( MGR) |
| പി.എ.സി | 1043827.20 |
| കരാറുകാരന്റെ പേര് | ജിതിൻ മോഹൻ |
| കരാർ നം. | 12/AE/21-22/23.12.21 |

| | |
|---|---|
| ആകെ മൂല്യം | 167477+1040218 = 1207695(ജി.എസ്.റ്റി ഉൾപ്പെടെ) |
| ചെലവഴിച്ച തുക | 167477, 317/30.03.22<br>1001609, 151/29.11.22 |
| എം ബുക്ക് | 182/21-22, 6/22-23, 10/22-23 |

23.12.21-ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസം ആയിരുന്നു. 22.06.22-ൽ പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും പൂർത്തീകരിച്ചത് 10.11.22-ൽ മാത്രം. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 14.09.22-ൽ അപേക്ഷ നൽകിയതിനെ തുടർന്ന് 5 മാസത്തേക്ക് കാലയളവ് ദീർഘിപ്പിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 16.01.23-ലെ 1(6) നം. തീരുമാന പ്രകാരം പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചിരുന്നു. എന്നാൽ ദീർഘിപ്പിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. തന്നെയുമല്ല പ്രവൃത്തി പൂർത്തീകരിച്ച 10.11.22 ന ശേഷം 16.01.23-ൽ മാത്രമാണ് ഇപ്രകാരം ഒരു കമ്മറ്റി തീരുമാനം ഉണ്ടായിട്ടുള്ളത്. പിഴ ഈടാക്കാതെയും സപ്ലിമെന്ററി കരാർ ചമയ്ക്കാതെയുമാണ് കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളത്. പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ PWD മാനുവൽ സെക്ഷൻ 2116.2 പ്രകാരം ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ (കരാർ തുകയുടെ) 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടിയിരുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/08.11.23), പഞ്ചായത്ത് കമ്മറ്റിയുടെ 16.01.23-ലെ 1(6) നം തീരുമാന പ്രകാരം പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചിരുന്നുവെന്ന മറുപടിയാണ് ഹാജരാക്കിയത്. പ്രവൃത്തി പൂർത്തീകരിച്ച 10.11.22 ന ശേഷം 16.01.23-ൽ മാത്രമാണ് ഇപ്രകാരം ഒരു കമ്മറ്റി തീരുമാനം ഉണ്ടായിട്ടുള്ളത് എന്നതിനാലും പിഴ ഈടാക്കാതെയും സപ്ലിമെന്ററി കരാർ ചമയ്ക്കാതെയുമാണ് കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളത് എന്നതിനാലും മറുപടി അംഗീകരിക്കുവാൻ കഴിയില്ല. പൂർത്തീകരിക്കുവാൻ വൈകിയ 18 ആഴ്ചയ്ക്ക് പി.എ.സി. യുടെ (1043827.20) 0.1% ആയ 1.8%, 18789 രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

## 1-27 അർഹമായ ധനസഹായം ലഭിച്ചില്ല -പഠന മുറി നിർമ്മാണം പാതിവഴിയിൽ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതിയാണ് എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി സജ്ജമാക്കൽ.

| | |
|---|---|
| പ്രോജക്ട് നം. | 166/23 |
| പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി സജ്ജമാക്കൽ |
| അടങ്കൽ | 26,00,000 |
| ചെലവ് | 11,25,000 |

സബ്ഡിഡി മാർഗ്ഗ രേഖ പ്രകാരം പഠന മുറി നിർമ്മാണത്തിന് 2 ലക്ഷം രൂപയാണ് അനുവദനീയമായ

തുക. 2022-23 ൽ 12 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉണ്ടായിരുന്നത്. ഇതിൽ ഒരു ഗുണഭോക്താവ് മാത്രമേ മുഴുവൻ തുകയും കൈപ്പറ്റി പദ്ധതി വർഷം പഠന മുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ. പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/ബിൽ നം. /തീയതി | |
|---|---|---|
| പ്രഭാകരൻ, കിഴക്കേത്തറയിൽ, ആഞ്ഞിലിപ്ര | 50000 /26352 /26.11.12 | 75000/14047 /15.12.22 |
| അജയകുമാർ പി.കെ., പാലയ്ക്കൽ പുത്തൻ വീട്, തട്ടാരമ്പലം | 50000 /14047 /15.12.22 | 75000/83053 /31.12.22 |
| ശ്രീലത, കൊട്ടയ്ക്കാട്ട്, കണ്ണമംഗലം വടക്ക്, ചെട്ടികുളങ്ങര പി.ഒ. | 50000 /23852 /17.12.22 | - |
| അമ്പിളി വി., കോയിത്താഴത്ത്, കൈത വടക്ക് | 50000 /97744/ 05.01.23 | 75000/ 44833/08.02.23 |
| സുലോചന, ആനയടിച്ചിറയിൽ, കൊയ്പള്ളി കാരാഴ്മ | 50000 / 10379 / 12.01.23 | 75000 / 59183/08.02.23 |
| സിജി, സാരംഗി, കണ്ണമംഗലം സൗത്ത് | 50000 / 37956 / 12.01.23 | 75000 / 89403/ 25.01.23 |
| അനിൽ ടി.തങ്കപ്പൻ, തയ്യിൽ പടീറ്റതിൽ, ഈരേഴ വടക്ക് | 50000 / 05747/20.03.23 | |
| ധനുജ ടി., സുധിൻ ഭവനം, ചാലുമ്പാട്ട് | 50000 /08527 / 20.03.23 | |
| ശോഭ, വാഴപ്ലേത്ത്, തട്ടാരമ്പലം | 50000 /08527 / 20.03.23 | |
| മീന, വിമൽ ഭവനം, കണ്ണമംഗലം സൗത്ത് | 50000 /49082 /28.03.23 | |

| | | |
|---|---|---|
| രാജു കെ., കന്നിമേൽ പടീറ്റതിൽ, ഈരേഴ വടക്ക് | 50000 /49082 /28.03.23 | |

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്മേൽ വിശദീകരണവും ഇവർക്കായി 2023-24 വർഷത്തിൽ പ്രോജക്ട് രൂപീകരിച്ച് ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 08/31.10.23 ന് പ്രവർത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കായി 2023-24 ൽ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം അനുവദിക്കുവാൻ സാധിക്കുന്നില്ല എന്ന് മറുപടി നല്കി.

വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്തുന്നില്ല എന്നത് അർഹരായ ഗുണഭോക്താക്കളുടെ അവകാശങ്ങളെ ഇല്ലാതാക്കുന്ന അവസ്ഥ സംജാതമാക്കുന്നു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അർഹമായ ആനുകൂല്യം അനുവദിക്കേണ്ടതാണ്.

## 1-28 ഹോമിയോ ആശുപത്രിക്ക് മുൻകൂർ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല

2022-23 സാമ്പത്തികവർഷം ഗവ. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് മുൻകൂറായി" ഹോംകോ" യ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം., തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| S0022/23 | ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മെഡിക്കൽ ഓഫീസർ ആയുർവേദം | 2,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 22070452008600798302 21.11.22 | 80,530 | 1,19,470 |

സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തത് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

കാലതാമസം കൂടാതെ മരുന്ന് ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരിക്കാൻ 31.10.2023-ൽ ഓഡിറ്റ് എൻക്വയറി നമ്പർ- 03/2022-23 പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ 20.10.23, 28.10.23 എന്നീ തീയതികളിൽ ഹോംകോയ്ക്ക് ഓർമ്മക്കുറിപ്പ് നല്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നു. തുടർന്നും ഓർമ്മക്കുറിപ്പുകൾ നൽകി മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 എഫ്.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - വില മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

പ്രോജ. നം.35/23, എഫ്.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 8,50,000/-

ചെലവ് - 8,50,000/- (നോൺ റോഡ്)

BRN നമ്പർ – 22070452008400175672/7.06.2022

മേൽ പ്രോജക്റ്റിൽ മരുന്ന് ലഭ്യമാക്കുന്നതിനായി നീതി മെഡിക്കൽസിന് 4,41,760/- രൂപയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 4,08,240/- രൂപയും മേൽ ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്. ഇതിൽ നീതി മെഡിക്കൽസിന് നൽകിയ തുകയുടെ മരുന്നുകൾ യഥാസമയം ലഭിച്ചിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയ തുകയിൽ 4,00,971/- രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത്. 7,269/- രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/7.11.2023) ലഭിക്കാനുള്ള മരുന്ന് ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. മരുന്ന് പൂർണ്ണമായി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-30 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ - അവലോകനം

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 21 വാർഡുകളിലായി 30 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 15 എണ്ണം മാത്രം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 12 എണ്ണം വാടക കെട്ടിടത്തിലും 3 എണ്ണം വാടകരഹിത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. 30 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. 02 അങ്കണവാടിയിൽ മാത്രം ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഉണ്ട്. 11 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 30 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 29 അങ്കണവാടികളിൽ മാത്രമേ കുടിവെള്ളം ലഭ്യമായിട്ടുള്ളൂ. ഒറ്റ മുറിയായി പ്രവർത്തിക്കുന്ന അങ്കണവാടി ഇല്ല. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. എല്ലാ അംഗൻവാടികളിലെയും ശരാശരി കുട്ടികളുടെ എണ്ണം 15 ആണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. ഒരു അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാതെ അവശേഷിക്കുന്നു. കെട്ടിടം വാടകയ്ക്ക് എടുക്കുമ്പോൾ വകുപ്പിൽ നിന്നും കിട്ടുന്ന തുക മതിയാകുന്നില്ല എന്നത് മറ്റൊരു സാങ്കേതികപ്രശ്നം കൂടിയാണ്. കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് ആവശ്യമായ കളിയുപകരണങ്ങൾ ലഭിക്കുന്നില്ല എന്ന അവസ്ഥ നിലനിൽക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അൻപൊലിക്കളം കോലത്തിരേത്ത് റോഡ് റീ ടാറിംഗ്- ടെണ്ടർ എക്സസ് അനർഹമായി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S0129/23, S0186/24 |
| അടങ്കൽ | 5,00,000 |
| എസ്റ്റിമേറ്റഡ് പി.എ.സി | 423712.90 |
| പി.എ.സി | 455261.57, 6.92%excess |
| കരാറുകാരന്റെ പേര് | എൻ.വിജയരാജൻ |
| കരാർ നം. | 10/AE/22-23/10.02.23 |
| ആകെ മൂല്യം | 537187(ജി.എസ്.റ്റി ഉൾപ്പെടെ) |
| ചെലവഴിച്ച തുക | 500000, 586/26.03.23<br>37187, 124/11.08.23- Contractor |

അൻപൊലിക്കളം കൊലത്തിരേത്ത് റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയുടെ അനുബന്ധ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)ടെണ്ടർ എക്സസ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2018-ലെ ഡി.എസ്.ആർ അനുസരിച്ച് കോസ്റ്റ് ഇൻഡക്സ് 141.53 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ ഈ പ്രവൃത്തിയ്ക്ക് ലഭിച്ച കുറഞ്ഞ ടെണ്ടർ 7% അധികരിച്ച നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത്. 7% അധികരിച്ച നിരക്കാണ് കുറഞ്ഞ ടെണ്ടർ എന്നതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ 14.12.22-ലെ 2(1) നം. തീരുമാനം പ്രകാരം ടെണ്ടർ എക്സസ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചിരുന്നു. എന്നാൽ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഡി.എസ്.ആർ പരിഷ്കരിക്കുന്നതിൽ വന്ന കാലതാമസം മൂലം മെറ്റീരിയൽസിന്റെ വിലയിലും കൂലിയിലും വന്ന വർദ്ധനവ് മൂലം കരാറുകാർക്കുണ്ടാവുന്ന നഷ്ടം പരിഹരിക്കുന്നതിനാണ് 2016-ലെ ഡി.എസ്.ആർ നിരക്കിൽ ചെയ്ത പ്രവൃത്തികൾക്ക് 10% ടെണ്ടർ എക്സസ് അനുവദിച്ചിരുന്നത്. എന്നാൽ ഇവിടെ 2018 ഡി.എസ്.ആർ പ്രകാരമാണ് പ്രവൃത്തികൾ നടന്നത് എന്നതിനാൽ ടെണ്ടർ എക്സസ് അനുവദനീയമല്ല. ആയതിനാൽ ടെണ്ടർ എക്സസ് ഇനത്തിൽ അനുവദിച്ച തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല. എസ്റ്റിമേറ്റിലും അധികരിച്ച് ചെലവഴിച്ച 37,187 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

2)ബാരൽ വില കുറവ് ചെയ്തില്ല

പഞ്ചായത്തിൽ നിർവ്വഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%=281 രൂപ ഈടാക്കേണ്ടിയിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ആകെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി കൂടി ഉൾപ്പെടുത്തി മൂല്യം കണക്കാക്കിയതിൽ നിന്നും നികുതികൾ, ഇൻഷ്വറൻസ് കവറേജ് പിഴ ഉൾപ്പെടെ 19,121 രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിലും ബാരൽ വില കുറവ് ചെയ്തില്ല എന്ന് കാണുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(30/08.11.23), ടെണ്ടർ എക്സസ് അനുവദിച്ചതിന് റാറ്റിഫിക്കേഷൻ വാങ്ങി നൽകുന്നതാണെന്നും ബാരൽ വില കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നൽകി. ടെണ്ടർ എക്സസ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റിൽ അധികരിച്ച് ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ജി.എസ്.റ്റി ഉൾപ്പെടെയുള്ള ബാരൽ വില കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

### 3-2 സൺഡെ സ്കൂൾ കാരിക്കുളങ്ങര റോഡ് നവീകരണം, വാർഡ് 7,8 - പിഴ ഈടാക്കാതെ പൂർത്തീകരണ കാലയളവ് നീട്ടി നൽകി

| | |
|---|---|
| പ്രോജക്ട് നം. | S0022/22, S0079/23 |

| | |
|---|---|
| അടങ്കൽ | 1243000,( MGR) |
| പി.എ.സി | 1043827.20 |
| കരാറുകാരന്റെ പേര് | ജിതിൻ മോഹൻ |
| കരാർ നം. | 12/AE/21-22/23.12.21 |
| ആകെ മൂല്യം | 167477+1040218 = 1207695(ജി.എസ്.റ്റി ഉൾപ്പെടെ) |
| ചെലവഴിച്ച തുക | 167477, ബിൽ നം.317/30.03.22<br>1001609, ബിൽ നം.151/29.11.22 |
| എം ബുക്ക് | 182/21-22, 6/22-23, 10/22-23 |

23.12.21-ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസം ആയിരുന്നു. 22.06.22-ൽ പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും പൂർത്തീകരിച്ചത് 10.11.22-ൽ മാത്രം. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 14.09.22-ൽ അപേക്ഷ നൽകിയതിനെ തുടർന്ന് 5 മാസത്തേക്ക് കാലയളവ് ദീർഘിപ്പിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 16.01.23-ലെ 1(6) നം. തീരുമാന പ്രകാരം പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചിരുന്നു. എന്നാൽ ദീർഘിപ്പിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. തന്നെയുമല്ല പ്രവൃത്തി പൂർത്തീകരിച്ച 10.11.22 ന ശേഷം 16.01.23-ൽ മാത്രമാണ് ഇപ്രകാരം ഒരു കമ്മറ്റി തീരുമാനം ഉണ്ടായിട്ടുള്ളത്. പിഴ ഈടാക്കാതെയും സപ്ലിമെന്ററി കരാർ ചമയ്ക്കാതെയുമാണ് കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളത്. പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ PWD മാനുവൽ സെക്ഷൻ 2116.2 പ്രകാരം ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ (കരാർ തുകയുടെ) 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടിയിരുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/08.11.23), പഞ്ചായത്ത് കമ്മറ്റിയുടെ 16.01.23-ലെ 1(6) നം തീരുമാന പ്രകാരം പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചിരുന്നുവെന്ന മറുപടിയാണ് ഹാജരാക്കിയത്. പ്രവൃത്തി പൂർത്തീകരിച്ച 10.11.22 ന ശേഷം 16.01.23-ൽ മാത്രമാണ് ഇപ്രകാരം ഒരു കമ്മറ്റി തീരുമാനം ഉണ്ടായിട്ടുള്ളത് എന്നതിനാലും പിഴ ഈടാക്കാതെയും സപ്ലിമെന്ററി കരാർ ചമയ്ക്കാതെയുമാണ് കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളത് എന്നതിനാലും മറുപടി അംഗീകരിക്കുവാൻ കഴിയില്ല. പൂർത്തീകരിക്കുവാൻ വൈകിയ 18 ആഴ്ചയ്ക്ക് പി.എ.സി. യുടെ (1043827.20) 0.1% ആയ 1.8%, 18789 രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,73,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,73,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000 | അനുപൂരക പോഷകാഹാര പരിപാടി | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 13,86,173 | പാലിന് സബ്സിഡി (ജനറൽ) | 13,86,173 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 65,000 | അഗതി ആശ്രയ പദ്ധതി | 65,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,96,759 | നെല്ലിന് കൂലി ചെലവ് സബ്സിഡി | 5,96,759 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,04,200 | ലൈഫ് പദ്ധതി (എസ് സി പി) | 5,04,200 | 0 |
| | | 30,75,132 | | 30,75,132 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,80,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,85,000 | അനുപൂരക പോഷകാഹാര പരിപാടി | 1,85,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5,00,000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000 | പാലിന് സബ്സിഡി (ജനറൽ) | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,30,600 | നെല്ലിന് കൂലി ചെലവ് സബ്സിഡി | 3,30,600 | 0 |
| | | 13,95,600 | | 13,95,600 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴി ക്കാൻ |
|---|---|---|---|---|---|

| | | | തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | XVFC/2022-23/P/29/17.12.22 | 14,90,000 | 0 | 14,90,000 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ നീട്ടൽ | XVFC/2022-23/P/30/27.12.22 | 1,23,849 | 0 | 1,23,849 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പാലമുക്ക് കോളനിയിൽ കുടിവെള്ളം | 41441/18.03.23 | 5,77,000 | 0 | 5,77,000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ നീട്ടൽ | 00964229/27.12.22 | 16,55,402 | 0 | 16,55,402 |
| കെ.എസ്.ഇ.ബി. | പഴയ പഞ്ചായത്ത് ഓഫീസ് വൈദ്യുതി കണക്ഷൻ | XVFC/2022-23/P/28/21.12.22 | 50,499 | 0 | 50,499 |
| കെ.എസ്.ഇ.ബി. | ആയുർവ്വേദ ആശുപത്രി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 132/19.11.22 | 31,505 | 0 | 31,505 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | XVFC/2022-23/P/38/10.03.23 | 1,08,000 | 0 | 1,08,000 |
| കെ.എസ്.ഇ.ബി. | പുതുതായി നിർമ്മിക്കുന്ന അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ | 118/14.11.22 | 33,490 | 0 | 33,490 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | തുക |
|---|---|---|---|---|---|
| ഹഡ്കോ | - | - | 1,21,16,943 | 26,41,312 | | *94,75,631 |

*വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. ഖണ്ഡിക 1-1-1 കണ്ടാലും.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2015-16 | 3(15) | 500 | ഹേമലത ബാലചന്ദ്രൻ, കൃഷി ഓഫീസർ | 1220403681/06.12.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 38 | 2010-11 | 5.2.12(1) | പേപ്പർ ക്യാരി ബാഗ് നിർമ്മാണ പരിശീലനം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ അദാലത്തിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,02,22,623 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,84,10,757 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55,976 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 40,67,251 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരങ്ങൾ

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 37,187(2023-24) | ശ്രീ.ജോർജ്ജ് തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 18,789 | ശ്രീ.ജോർജ്ജ് തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 55,976 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 63,000 | ശ്രീമതി ശാരി ബി., അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| 1-21 | 40,04,251 | ശ്രീ ബിനിൽ എസ്., സെക്രട്ടറി |
| ആകെ | 40,67,251 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബിനിൽ എസ്., സെക്രട്ടറി | സെക്രട്ടറി, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | സദ്ഗമയ, പാളയംകുന്ന് പി.ഒ., വർക്കല, തിരുവനന്തപുരം |
| ശ്രീ.ജോർജ്ജ് തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | ചിറയിൽ ഹൗസ്, തിട്ടമേൽ, ചെങ്ങന്നൂർ പി.ഒ. |
| ശ്രീമതി ശാരി ബി., അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ്. | മാത്രൂർത്തറ വടക്കതിൽ, ഓലകെട്ടിയമ്പലം പി.ഒ., മാവേലിക്കര |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.2012 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2010-11& 2011-12 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |

| | |
|---|---|
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.7/1143 /21/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.7/1144 /21/04.05.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.7/270 /2023/29.03.2023 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 26-07-2023 and submitted on 30-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chettikulangara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chettikulangara Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Chettikulangara Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.Mismatch in loan amount.

2. CFC Grant - Income and expenditure figures do not match
3. Accuracy of advance amounts given to various agencies for deposit works not explained
4. Property Tax DCB of ILGMS and sanchaya figures are not matching
5. Appropriation Control Register is not maintained for special purpose grants
6. Incorrect opening balance in SBI e-payment account

7.All statements as per accounting rules are not included in the annual finantial statement

8. Contractors Retention amount is not accurate

9. Cash flow statement- does not reflect correct figure

10. Valuation of panchayat assets not done

11. Government/Other dues register not maintained

12. Demand entries not recorded in time

13. Items adjusted as Prior Period-Notes on Account not prepared

14. Balance amount in LGTSB account does not match with AFS

15. Inaccuracy in MGNREGS calculation

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്